# ഉഷ ഹാബ് സ്റ്റോറിൽ റിപബ്ലിക് ദിന സ്കീം

കൊച്ചി: പ്രമുഖ തയ്യൽ മെഷീൻ നിർമാതാക്കളായ ഉഷ ഈ റിപബ്ളിക് ദിനം അവിസ്മരണീയമാക്കാൻ എല്ലാവർക്കും അവസരമൊരുക്കുന്നു. സ്വന്തമായി ദേശീയ പതാക തുന്നിയെടുത്ത് കൂട്ടുകാർക്കും ബന്ധുകൾക്കും വസ്ത്രങ്ങളിലും മറ്റും പിടിപ്പിക്കുന്നതിന് ഉഷയുടെ കൊച്ചിയിലെ ഹാബ് ഷോറൂമിൽ സൗകര്യമൊരുക്കുന്നു. ഉഷ ജനോം ഓട്ടോമാറ്റിക് തയ്യൽ മെഷീനിലൂടെ ഇത്തരത്തിലുള്ള വിവിധ അലങ്കാര തുന്നലുകളും എംബ്രോയിഡറി പാറ്റേണുകളും സൃഷ്ടിക്കാൻ ഇവിടെ അന്നേ ദിവസം പഠിക്കുകയും ചെയ്യാം. എംജി റോഡിൽ രവിപുരത്തെ ടെൽസ്റ്റാർ ബിൽഡിങിലെ ഷോറുമിലാണ് ഈ സൗകര്യം ഒരുക്കിയിട്ടുള്ളത്. റിപബ്ളിക് ദിനമായ 26ന് രാവിലെ 9.30 മുതൽ വൈകീട്ട് 7.30 വരെ ഉഷയുടെ തയ്യൽ വിദഗ്ധർ നിങ്ങളുടെ സൃഷ്ടിക്കളുടെ സഹായത്തിനുണ്ടാകും. 15-20 മിനിറ്റ് വരെ സമയം മതിയാകും ഈ പരിശീലനത്തിന്. ആവശ്യമായ സാധനങ്ങളെല്ലാം ഹാബ് നൽകും. 150 രൂപയാണ് ചെലവ്.

സിദ്ധാർഥ് ശ്രീറാം ഗ്രൂപ്പ് കമ്പനിയുടെ ഭാഗമാണ് ഉഷ ഇന്റർനാഷണൽ ലിമിറ്റഡ്. കൺസ്യൂമർ ഉൽപ്പന്നങ്ങളുടെ നിർമാണവും ഉൽപ്പാദനവുമുണ്ട്. ഫാൻ, തയ്യൽ മെഷീൻ, എഞ്ചിനുകൾ, പമ്പ് സെറ്റ്, ഇലക്ട്രിക് മോട്ടറുകൾ, വാട്ടർ കൂളേഴ്സ്, ഇൻവർട്ടർ, അടുപ്പുകൾ, ഓട്ടോ ഘടകങ്ങൾ തുടങ്ങിയവയെല്ലാം ഉഷ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു.